പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 85** **14-10-2026-ൽ മറുപടിയ്ക്ക്**

**ഗോത്രബന്ധു പദ്ധതി**

| **ചോദ്യം ഉന്നയിച്ച അംഗങ്ങൾ** | **മറുപടി നൽകിയ മന്ത്രി** |
| --- | --- |
| ശ്രീ. കെ. എൻ. ബാലഗോപാൽ | ശ്രീമതി കെ. എ. തുളസി |
| ശ്രീ. പി. പി. സുമോദ് | (പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി) |
| ശ്രീ. കെ. പ്രേമൻ | |
| ശ്രീ. എം. എസ്. അരുൺ കുമാർ | |

**(എ)** പട്ടികവർഗ്ഗ വിഭാഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ഉന്നമനം ലക്ഷ്യമിട്ട് കഴിഞ്ഞ സർക്കാർ ആവിഷ്കരിച്ച ഗോത്രബന്ധു പദ്ധതി ഈ അധ്യയന വർഷവും തുടരാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

**മറുപടി:** "ഗോത്രബന്ധു" പദ്ധതി ഈ അധ്യയന വർഷവും (2026-27) തുടരുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

സ.ഉ.(സാധാ) നം.311/2024/SCSTD തീയതി 06.06.2024 ഉത്തരവ് പ്രകാരം പദ്ധതിയിൽ വരുത്തിയ ഭേദഗതികളുടെ അടിസ്ഥാനത്തിൽ, എഴുത്ത് പരീക്ഷയും ഇന്റർവ്യൂവും നടത്തി റാങ്ക് ലിസ്റ്റ് തയ്യാറാക്കി പുതിയ നിയമനം നടത്തുന്നതിനായി വകുപ്പ് വിജ്ഞാപനം പുറപ്പെടുവിച്ച്, നിയമന നടപടികൾ ആരംഭിച്ചു. എന്നാൽ ഇതു സംബന്ധിച്ച് ബഹു.ഹൈക്കോടതിയിൽ വ്യവഹാരങ്ങൾ നിലനിൽക്കുന്നതിനാൽ നടപടികൾ പൂർത്തീകരിച്ചിട്ടില്ല.

**(ബി)** വർഷങ്ങളായി ജോലി ചെയ്യുന്ന മെന്റർ അധ്യാപകരെ ഈ അധ്യയന വർഷം ഒഴിവാക്കി എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ;

**മറുപടി:** ഗോത്രബന്ധു പദ്ധതി പ്രകാരം ഓരോ അധ്യയനവർഷവും തികച്ചും താല്ക്കാലികാടിസ്ഥാനത്തിൽ മാത്രമാണ് മെന്റർ ടീച്ചർമാരെ നിയമിക്കുന്നത്. അധ്യയന വർഷത്തിന്റെ അവസാനത്തിൽ മെന്റർ ടീച്ചർമാരുടെ സേവനം അവസാനിപ്പിച്ച് വിടുതൽ ചെയ്യുന്നതാണ്. അതിൻ പ്രകാരം കഴിഞ്ഞ അധ്യയനവർഷം 31.03.2026 ന് അവരുടെ സേവനകാലയളവ് പൂർത്തീകരിക്കുകയും സേവനം അവസാനിക്കുകയും ചെയ്തിരുന്നു.

**(സി)** ഒഴിവാക്കിയ അധ്യാപകരെ തിരിച്ചെടുക്കണമെന്ന് ഹൈക്കോടതി ഉത്തരവിട്ടിട്ടുണ്ടോയെന്ന് അറിയിക്കുമോ;

**മറുപടി:** ഗോത്രബന്ധു പദ്ധതി പ്രകാരം മെന്റർ ടീച്ചർമാരെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട് ബഹു: കേരള ഹൈക്കോടതിയിൽ വ്യവഹാരങ്ങൾ നിലവിലുണ്ട്. ബഹു: കേരള ഹൈക്കോടതിയിൽ WP(C)

No. 22392/2026, 22556/2026 എന്നീ കേസുകളിൽ 16.09.2026-ൽ ബഹു: ഹൈക്കോടതി സിംഗിൾ ബെഞ്ച് "Therefore I am inclined to allow the writ petitions permitting the petitioners to continue in service as Gothra Bandhu Mentors. Therefore, Ext.P4 notification is quashed to the extent it affects the petitioners, and the petitioners are permitted to continue as Mentor Teachers under the Gothra Bandhu Scheme" എന്ന വിധി പ്രസ്താവിച്ചിട്ടുണ്ട്.

പ്രസ്തുത വിധിക്കെതിരെ 01.10.2026-ൽ WA No. 1972/2026 പ്രകാരം 2 പേർ ഫയൽ ചെയ്ത റിട്ട് അപ്പീലിൽ (WA No.1972 of 2026) 'As an interim measure, we allow the respondents to fill up all vacancies, except the one presently occupied by the petitioners' എന്ന് ബഹു. കേരള ഹൈക്കോടതി ഡിവിഷൻ ബെഞ്ച് ഉത്തരവായിട്ടുണ്ട്.

**(ഡി)** പ്രസ്തുത ഹൈക്കോടതി ഉത്തരവ് നടപ്പാക്കാനാവശ്യമായ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

**മറുപടി:** 16.09.2026 ലെ ബഹു. ഹൈക്കോടതിയുടെ ഉത്തരവിനെതിരായി റിട്ട് അപ്പീൽ ഫയൽ ചെയ്യുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**